സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി
(എസ്.സി.ഇ.ആർ.ടി. കേരള)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012
ഫോൺ: 0471 - 2341883, 2340323, ഫാക്സ് : 0471-2341869
ഇ-മെയിൽ : scertkerala@gmail.com, web: www.scert.kerala.gov.in

Prog /P1/1942/2020/SCERT 25.08.2021

പ്രേഷകൻ

**ഡയറക്ടർ**
എസ്.സി.ഇ.ആർ.ടി.

സ്വീകർത്താവ്

**ബഹു.പൊതുവിദ്യാഭ്യാസ ഡയറകടർ**
പൊതുവിദ്യാഭ്യാസ ഡയറകടറുടെ കാര്യാലയം,
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ
തിരുവനന്തപുരം.

സർ,

വിഷയം : പൊ.വി.വ - എസ്.സി.ഇ.ആർ.ടി കേരള - ഹയർ സെക്കന്ററി വിഭാഗം പ്ലസ് വൺ പരീക്ഷ സംബന്ധിച്ച്.

സൂചന : അങ്ങയുടെ കാര്യാലയത്തിൽ നിന്നുള്ള 24/08/2021 ലെ കത്ത് നമ്പർ എസിഡി.എസ്.പി.സി(1)/2021/എച്ച്.എസ്.ഇ.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2021 സെപ്റ്റംബർ മാസത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന പ്ലസ് വൺ പരീക്ഷയുടെ ചോദ്യപേപ്പർ ഘടനയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**ഡയറക്ടർ**

---

നം.എസിഡി.എസ്പിസി(1)/201915/2021/എച്ച്എ

തീയതി: 26/08/2021

പ്ലസ്വൺ പരീക്ഷയുടെ ചോദ്യപേപ്പർ ഘടനയുടെ വിശദാംശങ്ങൾ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തുന്നു.

**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**

Dil/Drive.E/2019/Letter_Malayalam (134)

## 2021 സെപ്റ്റംബറിൽ നടത്തുന്ന പ്ലസ് വൺ പരീക്ഷയുടെ
# ചോദ്യപേപ്പർ ഘടനയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ

കോവിഡ് മഹാമാരി കാരണം നമ്മുടെ വിദ്യാർത്ഥികൾ വീട്ടിൽ ഇരുന്നാണ് പഠനം പൂർത്തിയാക്കിയത്. സ്വാഭാവിക സ്കൂൾ അനുഭവങ്ങളും ക്ലാസ്സ്മുറി പഠനവും ഈ വർഷം അവർക്ക് സാദ്ധ്യമായിട്ടില്ല. വീഡിയോ ക്ലാസ്സുകളിലൂടെയാണ് അവർ എല്ലാ പാഠഭാഗങ്ങളും പരിചയപ്പെടുന്നത്. ഇതിന്റെ തുടർച്ചയായി അദ്ധ്യാപകരുടെ സഹായത്തോടെ അസൈൻമെന്റുകൾ പൂർത്തിയാക്കുകയും സംശയനിവാരണം നടത്തുകയും ചെയ്തുവരുന്നു. ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതാൻ അവരെ സഹായിക്കുന്നതിനായി ചുവടെ കൊടുത്തിരിക്കുന്ന മാറ്റങ്ങളോടെയാണ് ഈ വർഷത്തെ ഹയർസെക്കന്ററി ഒന്നാം വർഷം പൊതുപരീക്ഷ നടത്തുന്നത്.

1. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ആവശ്യാനുസരണം ചോദ്യങ്ങൾ തിരഞ്ഞെടുക്കാനും ഉത്തരമെഴുതാനും അവസരമൊരുക്കുന്നവിധം അധികചോദ്യങ്ങൾ (Choices) ചോദ്യപേപ്പറി ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 80 സ്കോറുള്ള പരീക്ഷക്ക് 160 സ്കോർ 60 സ്കോറിന് 120 സ്കോർ 40 സ്കോറിനു 80 സ്കോർ എന്ന കണക്കിലാണ് ചോദ്യങ്ങൾ ഉണ്ടായിരിക്കുക. ഇതിൽ നിന്നും ഓരോ വിഭാഗത്തിലും നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത എണ്ണം ചോദ്യങ്ങൾ ഇഷ്ടാനുസരണം തിരഞ്ഞെടുത്ത് ഉത്തരമെഴുതാൻ അവസരമുണ്ടായിരിക്കും. നിശ്ചിത എണ്ണത്തിൽ കൂടുതൽ ചോദ്യങ്ങൾക്ക് ഉത്തരം എഴുതിയാൽ അവയിൽ നിന്നും മികച്ച സ്കോർ ലഭിച്ച നിശ്ചിതഎണ്ണം മാത്രമെ പരിഗണിക്കുകയുള്ളു. അതുകൊണ്ട് സമാശ്വാസസമയം ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി പ്രയോജനപ്പെടുത്തേണ്ടതാണ്.

2. കൂടുതൽ ശ്രദ്ധ നല്കേണ്ടതിനായി എസ്.സി.ഇ.ആർ.ടി നിശ്ചയിച്ച ഫോക്കസ് ഏരിയയിലെ പാഠഭാഗങ്ങളിൽ നിന്നു തന്നെ മുഴുവൻ സ്കോറും നേടാൻ കുട്ടിയെ സഹായിക്കും വിധം ആവശ്യാനുസരണം ചോദ്യങ്ങൾ ചോദ്യപേപ്പറിൽ ഉണ്ടാകും. അഭിരുചിക്കനുസരിച്ച് ഉത്തരമെഴുതുവാൻ കുട്ടികളെ സഹായിക്കുന്നതിന് മറ്റ് പാഠഭാഗങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. അധികമായി ഓപ്ഷൻ അനുവദിക്കുമ്പോൾ ചോദ്യങ്ങളുടെ എണ്ണം വർദ്ധിക്കും. ഇവ വായിച്ചു മനസ്സിലാക്കാൻ കൂടുതൽ സമയം ആവശ്യമായി വരും. ആയതുകൊണ്ട് സമാശ്വാസസമയം (Cool off Time) 20 മിനിറ്റായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ഡയറക്ടർ